# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7835 15.07.2014 ൽ മറുപടിക്ക്

## ജലഗതാഗതം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ജലഗതാഗത വകുപ്പിൻ കീഴിൽ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കുമോ; | (എ) | 51 ബോട്ടുകൾ. |
| (ബി) | ബോട്ട് സർവ്വീസ് ലാഭകരമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | ആവിഷ്ക്കരിച്ചിട്ടുണ്ട്. യാത്രാക്കാരോടൊപ്പം ടൂ വീലർ കൂടി കയറ്റാവുന്ന വെഹിക്കിൾ കം പാസഞ്ചർ ബോട്ടുകൾ നിർമ്മിച്ച് ലഭ്യമായിട്ടുണ്ട്. ആയതിൽ ഒരു ബോട്ട് ഉപയോഗിച്ച് വൈറ്റില മുതൽ കാക്കനാട് വരെ സർവ്വീസ് നടത്തുകയും, ആയതു വഴി റോഡ് ഗതാഗതത്തിലെ കുരുക്ക് ഒരു പരിധി വരെ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. മുഹമ്മ – കുമരകം, ഇറവ്വഴ – സൗത്ത് പറവൂർ, കൊല്ലം – കാവനാട് – കുരീപ്പുഴ – സാമ്പ്രാണിക്കോടി എന്നീ റൂട്ടുകളിൽ വെഹിക്കിൾ കം പാസഞ്ചർ ഉപയോഗിച്ച് സർവ്വീസ് നടത്തുവാനുള്ള നടപടികൾ ആരംഭിച്ചു. കൂടാതെ കൊല്ലം – ആലപ്പുഴ ടൂറിസ്റ്റ് സർവ്വീസും, സീ-കുട്ടനാട് എന്ന പേരിൽ അപ്പർ ഡെക്കുള്ള ബോട്ട് ടൂറിസ്റ്റ് കം പാസഞ്ചറായി 2 ½ മണിക്കൂർ ഇടവിട്ട് സർവ്വീസ് നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഉൾനാടൻ ജലഗതാഗതം ശക്തിപ്പെടുത്തുന്നതിന് കനോലി കനാൽ മുഖേനയുള്ള ബോട്ട് ഗതാഗതം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കോഴിക്കോട് മേഖലയിൽ ജലഗതാഗത വകുപ്പ് നിലവിൽ സർവ്വീസ് നടത്തുന്നില്ല. കനോലി കനാൽ ബോട്ട് സർവ്വീസ് നടത്തുന്നതിന് സാങ്കേതികമായും. സാമ്പത്തികമായും പഠനം നടത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ